**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2265** **03-03-2025 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നഗരമേഖലകളിലെ ട്രൈബൽ വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളെ പാർപ്പിടം, വൈദ്യുതി എന്നീ ആനുകൂല്യങ്ങൾക്കായി തിരഞ്ഞെടുക്കുമ്പോൾ എന്തൊക്കെ മാനദണ്ഡങ്ങളാണ് വകുപ്പ് പാലിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കുറഞ്ഞത് 5 പട്ടികവർഗ്ഗ കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശം പട്ടികവർഗ്ഗ ഊര് എന്ന് കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി, നടപ്പാത, കാന, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം, എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികവർഗ്ഗക്കാരാണെങ്കിൽ ആ പ്രോജക്റ്റിന് പൂർണ്ണമായും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്. പട്ടിക വർഗ്ഗക്കാരുടെ വീടുകളിൽ ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള OYEC ചാർജ് നൽകാവുന്നതാണ്.<br><br>പിഎംഎവൈ-യു ലൈഫ് പദ്ധതി മുഖേനയാണ് പാർപ്പിടങ്ങൾ പ്രദാനം ചെയ്യുന്നത്. അതീവ ദുർഘട പ്രദേശത്താണെങ്കിൽ 6 ലക്ഷം വരെ ഗുണഭോക്താവിന് ആനുകൂല്യം ലഭിക്കുന്നതാണ്. ഭവനരഹിതരുടെ ലിസ്റ്റിൽ നിർദ്ദിഷ്ട ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ചാണ് ആനുകൂല്യം നൽകുന്നത്. സർക്കാർ/ അർദ്ധ സർക്കാർ/പൊതുമേഖലസ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ അവിടെ നിന്ന് പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. വാർഷിക വരുമാനം 3 ലക്ഷത്തിൽ കൂടുതൽ ഉള്ളവരും 5 സെന്റിലേറെ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളേയും ഒഴിവാക്കുന്നതാണ്. (പട്ടിക വർഗ്ഗക്കാർക്ക് ബാധകമല്ല.)<br>ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാല്ചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളേയും വസ്തു ഭാഗം ചെയ്തപ്പോൾ സാങ്കേതികമായി ഭൂരഹിതരായവരേയും ഒഴിവാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മാനദണ്ഡങ്ങൾ കാരണം ട്രൈബൽ വിഭാഗത്തിലെ ആളുകൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് തടസ്സം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ